പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2740 27.01.2014 -ൽ മറുപടിക്ക്.

## ആശുപത്രി വ്യവസായബന്ധ സമിതി രൂപീകരണം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. സണ്ണി ജോസഫ്<br>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ<br>ശ്രീ. എം. എ. വാഹീദ്<br>ശ്രീ. പി. എ. മാധവൻ | ശ്രീ. ഷിബു ബേബി ജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്ത് ആശുപത്രി വ്യവസായബന്ധ സമിതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) ജി. ഒ. (ആർ. റ്റി) നമ്പർ. 799/2012/തൊഴിൽ തീയതി 28.05.2012 പ്രകാരം സംസ്ഥാനത്ത് സ്വകാര്യ ആശുപത്രി വ്യവസായബന്ധ സമിതി രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത സമിതിയുടെ ചെയർമാൻ ലേബർ കമ്മീഷണറാണ്. തൊഴിലാളി - തൊഴിലുടമാ പ്രതിനിധികളായി 12 വീതം അംഗങ്ങളാണ് സമിതിയിലുള്ളത്. |
| (ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതു വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ; | (ബി) സംസ്ഥാനത്തെ ആരോഗ്യ മേഖലയിൽ സമാധാനവും സൗഹാർദ്ദപരവുമായ അന്തരീക്ഷം നിലനിർത്തുക എന്നതാണ് സ്വകാര്യ ആശുപത്രി വ്യവസായബന്ധ സമിതി രൂപീകരിച്ചതിലൂടെ ലക്ഷ്യമിടുന്നത്. സ്വകാര്യ ആശുപത്രികളിലും അനുബന്ധ സ്ഥാപനങ്ങളിലും ഉണ്ടാകുന്ന പ്രശ്നങ്ങൾ സമിതിയിൽ ചർച്ച ചെയ്ത് തൊഴിലാളികളെയും തൊഴിലുടമകളെയും സമവായത്തിലെത്തിച്ച് രമ്യമായി പരിഹരിക്കുന്നതിന് വ്യവസായ ബന്ധസമിതി നിർണ്ണായക പങ്ക് വഹിക്കുന്നു. |
| (സി) സംസ്ഥാനത്തെ സ്വകാര്യ ആശുപത്രി മേഖലയിലെ പ്രതിസന്ധി പരിഹരിക്കാൻ ഇത് എത്രമാത്രം പ്രയോജനപ്പെട്ടുമെന്നാണ് കരുതുന്നത്; വ്യക്തമാക്കുമോ; | (സി) സംസ്ഥാനത്തെ സ്വകാര്യ ആശുപത്രി മേഖലയിൽ അടുത്ത കാലത്തായി ഉണ്ടായിട്ടുള്ള വിവിധ പ്രശ്നങ്ങൾ പരിഹരിക്കുന്നതിൽ വ്യവസായ ബന്ധ സമിതിയും പ്രധാന പങ്ക് വഹിച്ചിട്ടുണ്ട്. ടി സമിതിയിൽ ഉണ്ടായ സുദീർഘമായ ചർച്ചകൾക്കൊടുവിൽ |

| | | |
|---|---|---|
| | | തൊഴിലാളി - തൊഴിലുടമാ പ്രതിനിധികൾ തമ്മിലുണ്ടായ ഒത്തു തീർപ്പിന്റെ അടിസ്ഥാനത്തിലാണ് ജി. ഒ (എം. എസ്) നമ്പർ. 135/2013/തൊഴിൽ തീയതി 05/11/2013 പ്രകാരം, വളരെ സങ്കീർണ്ണ മായിരുന്ന ജീവനക്കാരുടെ മിനിമം വേതനം പുതുക്കുന്നതിനുള്ള പ്രശ്നത്തിന് പരിഹാരം കാണാൻ കഴിഞ്ഞിട്ടുള്ളത്. |
| (ഡി) ഏതെല്ലാം പ്രവർത്തനങ്ങ ളാണ് പ്രസ്തുത സമിതി നടത്തുന്നത്; വിശദാംശങ്ങൾ നൽകുമോ? | (ഡി) | സ്വകാര്യ ആശുപത്രി വ്യവസായ ബന്ധസമിതി തുടർച്ചയായി യോഗങ്ങൾ ചേരുകയും വ്യവസായത്തിൽ അപ്പോഴപ്പോൾ ഉയർന്നു വരുന്ന തൊഴിൽ പ്രശ്നങ്ങൾ ചർച്ച ചെയ്ത് സമാധാന അന്തരീക്ഷം നിലനിർത്തുന്നതി നാവശ്യമായ തീരുമാനങ്ങൾ കൈക്കൊള്ളു കയുമാണ് ചെയ്യുന്നത്. |

സെക്ഷൻ ആഫീസർ.